Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2014 ഒക്ടോബർ 2-ാം തീയതി ആരംഭിക്കുന്ന പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി - നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം.2237/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 26.08.2014.

---

പരാമർശം:- ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരളയുടെ ചെയർമാന്റെ 20.08.2014-ലെ കത്ത്.

## ഉത്തരവ്

2014 ഒക്ടോബർ 2-ാം തീയതി ഗാന്ധിജയന്തി ദിനത്തോട് അനുബന്ധിച്ച് നഗരസഭകളിലെ എല്ലാ ഡിവിഷനുകളിലും പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തുന്നതിന് രൂപീകരിച്ച പദ്ധതിയുടെ ചെലവിനായി നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിനുള്ള അനുമതിയാണ് പരാമർശം വഴി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2014 ഒക്ടോബർ 2-ാം തീയതി ആരംഭിക്കുന്ന പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിക്കായി നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 1000/- (ആയിരം രൂപ) വീതം ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)<br>
എം.ഷാഹുൽ ഹമീദ്,<br>
ഡെപ്യൂട്ടി സെക്രട്ടറി.

ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം 695010.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭകൾക്കും ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,<br>
സെക്ഷൻ ഓഫീസർ.